"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - പാലക്കാട് നഗരസഭയിൽ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി. അഞ്ജന.എ കേരള അഡ്മിനിസ്ട്രേറ്റിവ് ട്രൈബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA[EKM] 459/2026 നമ്പർ കേസിലെ 30.03.2026 തീയതിയിലെ ഉത്തരവ് - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.1076/2026/LSGD തീയതി,തിരുവനന്തപുരം, 30-05-2026

---

പരാമർശം:-

1. ശ്രീ.അഭിലാഷ് എം.ആർ മുതലായവർ ഫയൽ ചെയ്ത OP(KAT) 142/2019 നമ്പർ കേസിലെ ബഹു. ഹൈക്കോടതിയുടെ 11.06.2025 തീയതിയിലെ വിധിന്യായം
2. 18.03.2026 തീയതിയിലെ G.O(Rt) No.790/2026/LSGD
3. 19.03.2026 തീയതിയിലെ G.O(Rt) No.798/2026/LSGD
4. ശ്രീമതി അഞ്ജന എ, യുടെ അപേക്ഷ (Annexure A9)
5. ശ്രീമതി. അഞ്ജന.എ കേരള അഡ്മിനിസ്ട്രേറ്റിവ് ട്രൈബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA[EKM] 459/2026 നമ്പർ കേസിലെ 30.03.2026 തീയതിയിലെ ഉത്തരവ്
6. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 08.05.2026 തീയതിയിലെ .LSGD/PD/13256/2026-DEB5 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തദ്ദേശസ്വയംഭരണ വകുപ്പിൽ പാലക്കാട് നഗരസഭയിൽ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി. അഞ്ജന.എ തന്റെ സീനിയോരിറ്റിയുടെ അടിസ്ഥാനത്തിൽ അർഹമായ പ്രമോഷൻ അനുവദിച്ചു നൽകുന്നതിനുള്ള നടപടികൾക്കായി പരാമർശം 4 പ്രകാരം അപേക്ഷിച്ചിരുന്നു. ഇതേ ആവശ്യവുമായി ടിയാൾ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA[EKM] 459/2026 നമ്പർ കേസിലെ പരാമർശം 5 ഉത്തരവ് പ്രകാരം അപേക്ഷക ഒന്നാം എതിർകക്ഷി (സർക്കാർ) മുൻപാകെ സമർപ്പിച്ച Annexure A9 പരിഗണിച്ച്, ഉത്തരവിന്റെ പകർപ്പ് ലഭിച്ച് രണ്ട് മാസത്തിനുള്ളിൽ ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ഒന്നാം എതിർകക്ഷിയോട് നിർദ്ദേശിച്ചിരുന്നു.

2. ശ്രീമതി. അഞ്ജന.എ യുടെ Annexure A9 അപേക്ഷ പ്രകാരം, അന്തർജില്ലാ

സ്ഥലംമാറ്റം ലഭിച്ച തനിക്ക്, OA 1471/2018- ഉം അനുബന്ധ കേസുകളിലേയും, OP(KAT) Nos.206/2019, 142/2019 നമ്പർ കേസുകളിലേയും ഉത്തരവിന്റെയടിസ്ഥാനത്തിൽ സമാനസാഹചര്യത്തിലുള്ളവർക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുള്ള സാഹചര്യത്തിൽ ഗ്രഡേഷൻ ലിസ്റ്റിൽ വന്ന അനോമലികൾ പരിഹരിച്ച് തന്റെ സീനിയോരിറ്റിയുടെ അടിസ്ഥാനത്തിൽ ഗ്രഡേഷൻ ലിസ്റ്റിൽ തനിക്ക് നിഷേധിക്കപ്പെട്ടതും, അർഹവുമായ സ്ഥാനം അനുവദിച്ച് അതനുസരിച്ച് അർഹമായ പ്രമോഷൻ, എത്രയും വേഗം അനുവദിക്കുന്നതിന് നടപടിയുണ്ടാകണമെന്ന് അപേക്ഷിക്കുകയുണ്ടായി.

3. പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം 6 റിപ്പോർട്ട് പ്രകാരം നഗരകാര്യ ഡയറക്ടറുടെ 19/08/2009 തീയതിയിലെ E5-17123/07/KTM നമ്പർ ഉത്തരവ് പ്രകാരം ശ്രീമതി അഞ്ജന എ ചങ്ങനാശ്ശേരി നഗരസഭയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിൽ സേവനത്തിൽ പ്രവേശിച്ചു. 2015 വർഷം ടിയാൾ സ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിക്കുകയും ടിയാളുടെ അപേക്ഷ പരിഗണിച്ച് 15.05.2015 ലെ ഉത്തരവ് പ്രകാരം പാലക്കാട് നഗരസഭയിൽ സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവായിരുന്നു. തുടർന്ന് പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയപ്പോൾ അന്തർജില്ലാ സ്ഥലംമാറ്റമായി കണക്കാക്കി ടിയാൾക്ക് സ്ഥാനക്കയറ്റം നൽകിയിരുന്നില്ല. 20.11.2014-ൽ പ്രസിദ്ധീകരിച്ച ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിലെ കരട് ഗ്രഡേഷൻ ലിസ്റ്റ് പ്രകാരം ശ്രീമതി അഞ്ജന എ യുടെ സ്ഥാനം 206 ആയിരുന്നു. എന്നാൽ 19.06.2018 ൽ പ്രസിദ്ധീകരിച്ച ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിലെ കരട് ഗ്രഡേഷൻ ലിസ്റ്റിൽ ടിയാളുടെ സ്ഥാനം 228 ആയി ജൂനിയറായി പുന:ക്രമീകരിച്ചിട്ടുണ്ടായിരുന്നു. 2014 ലെ ഗ്രഡേഷൻ ലിസ്റ്റിൽ ടിയാളുടെ ജൂനിയറായ ജില എം ന് 06/10/2017 തീയതിയിലെ E6-16358/17 നമ്പർ ഉത്തരവ് പ്രകാരം പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 തസ്തികയിലേക്കും 13/03/2024 തീയതിയിലെ LSGD/PD/4328/2023-DEB5 നമ്പർ ഉത്തരവ് പ്രകാരം സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിലേക്കും സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. 01/02/2023 തീയതിയിലെ DUA/6028/2022-E5 നമ്പർ ഉത്തരവ് പ്രകാരമാണ് ശ്രീമതി അഞ്ജനയ്ക്ക് പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവായിട്ടുള്ളത്.

4. സമാന സാഹചര്യത്തിലുള്ള ജീവനക്കാർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ OA 1471/2018, അനുബന്ധ കേസുക ഫയൽ ചെയ്യുകയുണ്ടായി. 22/02/2019 ലെ വിധിന്യായം പ്രകാരം ശ്രീ സനിൽരാജ് ഡി, ശ്രീ രഞ്ചിത്ത് ബി, എന്നിവർക്ക് സീനിയോരിറ്റി നഷ്ടപ്പെടാതെ ഉചിതമായ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകണമെന്ന് ഉത്തരവായിട്ടുള്ളതും 11/06/2025 തീയതിയിൽ ബഹു ഹൈക്കോടതി OP(KAT) Nos.206/2019, 142/2019, 29/2020, 5/2020 എന്നിവയിലൂടെ ശരി വെച്ച് ഉത്തരവായിട്ടുള്ളതുമാണ്. ആയതിനാൽ 20.11.2014-ലെ കരട് ഗ്രേഡേഷൻ ലിസ്റ്റിൽ ശ്രീമതി അഞ്ജന എ യുടെ സ്ഥാനം 206 ആയി ശരി വച്ചു കൊണ്ടും ശ്രീമതി അഞ്ജന എ യുടെ ജൂനിയറായ ജില എം ന് പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിൽ നിന്നും പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയ 06/10/2017 തീയതിയിൽ മുൻകാല പ്രാബല്യത്തോടെ നോഷണൽ ആയി സ്ഥാനക്കയറ്റം നൽകി കൊണ്ടും ബഹു.കേരള അഡ്മിനിസ്ട്രേറ്റിവ് ട്രൈബ്യൂണലിന്റെ 30/03/2026 തീയതിയിലെ വിധിന്യായം നടപ്പിലാക്കുന്നതിനുള്ള ഉചിത തീരുമാനത്തിനായി പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 2,3 ഉത്തരവുകൾ പ്രകാരം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വ്യത്യസ്ത വിധിന്യായങ്ങളുടെ അടിസ്ഥാനത്തിൽ ശ്രീ വിനോദ് കുമാർ, ശ്രീ.മുജീബ് ഖാൻ, ശ്രീ ബെൻസിലാൽ, ശ്രീ സജു കുമാർ എൻ, ശ്രീ അനൂപ് എസ്, ശ്രീ മുഹമ്മദ് നവാസ് എന്നിവർക്ക് ജൂനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II കേഡറിലെ (അതാത്) ജില്ലാ സീനിയോറിറ്റി പുനഃസ്ഥാപിച്ചുനൽകുന്നതിനും തൊട്ടടുത്ത ജൂനിയറിന് പ്രൊമോഷൻ ലഭിച്ച തീയതി പ്രാബല്യത്തിൽ Public Health Inspector Gr I തസ്തികയിലേക്ക് നോഷണൽ പ്രൊമോഷൻ അനുവദിച്ചുനൽകുന്നതിനും പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

6. മേൽ സാഹചര്യത്തിൽ സമാനസാഹചര്യത്തിലുള്ളവർക്ക് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വ്യത്യസ്ത വിധിന്യായങ്ങളുടെ അടിസ്ഥാനത്തിൽ സീനിയോരിറ്റി പുനസ്ഥാപിച്ച് നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതിനാൽ പാലക്കാട് നഗരസഭയിലെ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി. അഞ്ജന.എ യുടെ അപേക്ഷ പരിഗണിച്ച്, ടിയാൾക്കും സീനിയോറിറ്റി പുനഃസ്ഥാപിച്ചു നൽകുന്നതിനും തൊട്ടടുത്ത ജൂനിയറിന് പ്രൊമോഷൻ ലഭിച്ച തീയതി പ്രാബല്യത്തിൽ Public Health Inspector Gr I തസ്തികയിലേക്ക് നോഷണൽ പ്രൊമോഷൻ അനുവദിച്ചുനൽകുന്നതിനും പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട് പരാമർശം 4 അപേക്ഷ തീർപ്പാക്കി ഉത്തരവാകുന്നു.

7. മേൽ പ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA[EKM] 459/2026 നമ്പർ കേസിലെ 30.03.2026 തീയതിയിലെ ഉത്തരവ് നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം
ശ്രീമതി. അഞ്ജന.എ, പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 , പാലക്കാട് നഗരസഭ
(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 30-05-2026 13:11:49
സെക്ഷൻ ഓഫീസർ